# ഖസാക്കിന്റെ ഇതിഹാസം

ഒ.വി. വിജയൻ



മലയാളത്തിന്റെ അർത്ഥമായിമാറിയ നോവലാണ് ഖസാക്കിന്റെ ഇതിഹാസം. സാഹിത്യചരിത്രത്തെ ഈ നോവൽ രണ്ടായി പകുത്തു– ഖസാക്കിനുമുമ്പും ഖസാക്കിനു ശേഷവും എന്ന്. 1969-ൽ പുറത്തിറങ്ങിയ ഈ നോവൽ പല തലമുറകളിൽപെട്ട വായനക്കാരുടെയും വിമർശകരുടെയും ഖണ്ഡന-മണ്ഡന നിരൂപണങ്ങൾക്കു വിധേയമായി ഇന്നും പുതുതായി നിലകൊള്ളുന്നു. ഇന്ത്യൻഭാഷാ സാഹിത്യങ്ങളിലെത്തന്നെ അപൂർവ്വതയായ ഖസാക്ക് പില്ക്കാല സാഹിത്യരചനയെ സ്വാധീനിച്ചു; മലയാളി ഭാവുകത്വത്തെ പുതുക്കിപ്പണിഞ്ഞു. രവിയും ഖസാക്കും അപ്പുക്കിളിയും മൈമൂനയും ഏകാധ്യാപക വിദ്യാലയവും കൂമൻകാവും ഒരു മലയാളിക്കും അപരിചിതമല്ല. ഗദ്യമെന്ന മാധ്യമം സാന്ദ്രവും സംവേദനക്ഷമവുമാകുന്നതിന് മറ്റ് ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാനില്ല.

കവർ ഡിസൈൻ: സൈനുൽ ആബിദ്

ഡിസി ബുക്സ്

www.dcbooks.com

ISBN 81-7130-126-6

9 788171 301263 00063

നോവൽ | E-book available | ₹ 130

ഒ.വി. വിജയൻ • ഖസാക്കിന്റെ ഇതിഹാസം

480

8M3 VIJ/K

ഡിസി ബുക്സ്

# ഖസാക്കിന്റെ ഇതിഹാസം

ഒ.വി. വിജയൻ



dcb

...ege Library TVK
...3 0
...II/K

8M3. VIJ/K
BKS
CASMTVK
4 8 0

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 480 Call No.........................

This book should be returned on or before the date last given below.

| | | |
|---|---|---|
| 14-002 16 JAN 2016 | 14-027 16 JAN 2016 | 17-08 22 JAN 2019 |
| 15-040 25 JAN 2016 | 16-020 9 AUG 2017 | 12 FEB 2019 -NT12 |
| 14-007 27 FEB 2016 | 16-027 21 AUG 2017 | 25/3/19 |
| 15-032 4 APR 2016 | 15-001 18 NOV 2017 | 17-33 14 MAR 2020 |
| 15-015 12 MAY 2016 | 17-47 1 FEB 2018 | 18-38 4/12/21 |
| 14-008 22 JUN 2016 | 23 JUN 2018 | 20-34 13/9/22 |
| 15-007 6 JUL 2016 | 17-39 25 JUN 2018 | 20-34 10 OCT 2022 |
| 15-032 0 AUG 2016 | 17-47 25 SEP 2018 | |
| 16-021 6 NOV 2016 | 17-62 5 OCT 2018 | |
| 16-038 27 DEC 2016 | 25 OCT 2018 | |
| | 10 JAN 2019 | |

## ഉള്ളടക്കം


1. വഴിയമ്പലം തേടി ............ 9
2. തിരിച്ചുവരവ് ............ 16
3. പുരോഹിതൻ ............ 21
4. ഖസാക്കിലെ സുന്ദരി ............ 25
5. ഷെയ്ഖിൻെറ ഖാലിയാർ ............ 28
6. വിദ്യാലയങ്ങൾ ............ 33
7. ജാലകം ............ 39
8. സഹവർത്തികൾ ............ 43
9. ആദ്യപാഠങ്ങൾ ............ 50
10. ഉൾക്കിണറ് ............ 57
11. നരി ............ 64
12. സന്ധ്യ ............ 69
13. അച്ഛൻ ............ 75
14. തുമ്പികൾ ............ 82
15. അവശിഷ്ടങ്ങൾ ............ 90
16. കിഴക്കു പോകുന്നവർ ............ 100
17. ഗൂഢാക്ഷരങ്ങൾ ............ 105
18. ഉത്സവം ............ 109
19. പൂവിൻെറ മണം ............ 113
20. വിളയാട്ടം ............ 118
21. ഷെയ്ഖിൻെറ മൊഴി ............ 124

22. മതംമാറ്റം .......... 128
23. സൗരയൂഥം .......... 135
24. കിഴവന്റെ മുഖം .......... 139
25. ശ്രാദ്ധം .......... 143
26. കലവറകൾ .......... 148
27. വഴിയമ്പലം .......... 153
28. കഥാന്തരം .......... 160

## 1. വഴിയമ്പലം തേടി

കൂമൻകാവിൽ ബസ്സു ചെന്നു നിന്നപ്പോൾ ആ സ്ഥലം രവിയ്ക്ക് അപരിചിതമായിത്തോന്നിയില്ല. അങ്ങിനെ പടർന്നു പന്തലിച്ച മാവുകൾക്കടിയിൽ നാലഞ്ച് ഏറുമാടങ്ങളുടെ നടുവിൽ താൻ വന്നെത്തുമെന്ന് പണ്ടേ കരുതിക്കാണണം. വരുംവരായകളുടെ ഓർമ്മകളിലെവിടെയോ ആ മാവുകളുടെ ജരയും ദീനതയും കണ്ടുകണ്ടു ഹൃദിസ്ഥമായിത്തീർന്നതാണ്. കനിവു നിറഞ്ഞ വാർദ്ധക്യം, കുഷ്ഠം പറ്റിയ വേരുകൾ എല്ലാമതുതന്നെ.

ആളുകൾ ബസ്സിറങ്ങി പിരിഞ്ഞുപോകാൻ തുടങ്ങി. അവിടം ബസ്സുറൂട്ടിന്റെ അവസാനമാണ്. ഒരു ദശാസന്ധിപോലെ ആ ചെറിയ പീടികകളുടെ നടുവിൽ വെട്ടുവഴി അവസാനിച്ചു. അതും താണ്ടിയുള്ള യാത്രയിൽ ഇത്തിരി വിശ്രമം ലാഭിച്ചെടുക്കാനെന്നോണം അയാൾ ബസ്സിനകത്ത് ചാരിയിരുന്നു.

തല തിരിയുന്നുണ്ട്. രാവിലെ തുടങ്ങിയതാണ് ബസ്സുയാത്ര. ബോധാനന്ദ സ്വാമികളുടെ ആശ്രമത്തിൽനിന്നു പുറപ്പെടുമ്പോൾ വെള്ളി പൊട്ടിയിരുന്നേയുള്ളു. അന്തേവാസിനിയായ സ്വാമിനിയുടെ കാവിക്കച്ചയും ചുറ്റിയാണ് ഇറങ്ങിയത്. ധൃതിയിൽ പറ്റിയ അബദ്ധമായിരുന്നു. നേരം പൊങ്ങീട്ടേ മുണ്ടുകൾ മാറിപ്പോയതു മനസ്സിലായുള്ളു. കാവിക്കച്ച ചുറ്റി ചവിട്ടുവഴിത്താരയിലൂടെ കുന്നു കയറി പള്ളമിറങ്ങി ബസ്സുനിരത്തിലേയ്ക്കു നടന്നപ്പോൾ മരങ്ങളും പാറകളും കുറ്റിച്ചെടികളും ഗർഭബീജങ്ങളെപ്പോലെ ഉയിർത്തു രൂപം കൊള്ളുകയായിരുന്നു.

"പെട്ടിയെടക്കാൻ ആള് വേണ്ടേ?'' ബസ്സിന്റെ ഓരം ചാരി നിന്നുകൊണ്ട് കൺഡക്ടർ അകത്തേയ്ക്കു നോക്കി രവിയോടു പറഞ്ഞു: "നമ്മളൊരാൾനെ ഏർപ്പാടാക്കീട്ട്ണ്ട്.''

"ഓ, ഉപകാരം.''

രവി ഇറങ്ങി. കാലു നിലത്തുവെച്ചപ്പോൾ, നേരമ്പോക്കുതന്നെ, ചുരം കേറുന്ന ബസ്സിൽ തല പുറത്തേയ്ക്കിട്ട് ഇരിയ്ക്കുന്നപോലെ തോന്നുന്നു.

അരയാലിലകളിൽ ഒരു പതിഞ്ഞ കാറ്റു വീശി. തലതിരിച്ചിലിന് ഇത്തിരി ആക്കം തോന്നി.

ബസ്സിന്റെ തട്ടിൽനിന്ന് പെട്ടിയും കിടക്കയും ഇറക്കിക്കഴിഞ്ഞിരുന്നു. ഹോൾഡോളിന്റെ പുറത്തു പതിഞ്ഞിരുന്ന അഴുക്കുപാടുകളിലേയ്ക്ക് രവി നോക്കി. അതൊക്കെ സോഡാപ്പൊടിയും ചൂടുവെള്ളവുമൊഴിച്ചു കഴുകിക്കളയണമെന്നോ മറ്റോ അയാൾ നിശ്ചയിച്ചു. സുഖാലസ്യത്തിന്റെ ചുഴിയിൽ പതുക്കെ കറങ്ങിത്തിരിയുന്ന മനസ്സിനെ നിലയ്ക്കു നിർത്താനെന്നോണം രവി ആ അഴുക്കുപാടുകളിൽ ശ്രദ്ധചെലുത്താൻ ശ്രമിച്ചു.